## കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ല –ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത്- 2011-12, 2012-13 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3 പ്രകാരം തടസ്സപ്പെടുത്തിയ 1,30,000/-(ഒരു ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) രൂപയ്ക്ക് സർക്കാർ സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

സ.ഉ. (സാധാ)നം.2258/18/തസ്വഭവ. തിരുവനന്തപുരം, തീയതി: 16.08.2018

പരാമർശം: 1) പഞ്ചായത്ത് ഡയറക്ടറുടെ 22.11.2017 ലെ എം3/34058/17 നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 19.02.2018 ലെ കെ.എസ്.എ. 13313/പി.റ്റി.3/2017 നമ്പർ കത്ത്.

## ഉത്തരവ്

മലപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2011-12, 2012-13 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3 പ്രകാരം പി.എച്ച്.സി. മെഡിക്കൽ ഓഫീസർ ,നിർവഹണം നടത്തിയ സമ്പൂർണ്ണ പോഷകാഹാര പരിപാടി എസ്.ടി എന്ന പ്രോജക്ടിനായി ചെലവഴിച്ച 1,51,447 /- രൂപയിൽ സർക്കാർ മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത 1,30,000/- (ഒരു ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ഈ വിഷയത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിനായി 10.08.2016 ലെ 3(3)-ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, ഓഡിറ്റ് പരാമർശത്തിന്റെ പകർപ്പ് ,ജില്ലാതല ഓഡിറ്റ് മോണിറ്ററിങ് കമ്മിറ്റി ശുപാർശ എന്നിവ സഹിതം പരാമർശം(1) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ടിൽ തടസ്സപ്പെടുത്തിയിരിക്കുന്ന തുക അനുവദിക്കേണ്ടി വന്ന സാഹചര്യം പഞ്ചായത്ത് ഭരണ സമിതി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

2. സമ്പൂർണ്ണ ആരോഗ്യ പോഷകാഹാര പരിപാടി -എസ് ടി എന്ന പ്രോജക്ട് പ്രകാരം ഭക്ഷ്യധാന്യ വിതരണം ,മരുന്ന് വിതരണം എന്നിവയ്ക്കായി 1,51,447/- രൂപ വികസന ഫണ്ട് ടി.എസ്.പിയിൽ ചെലവഴിച്ചിരുന്നു. ഇതിൽ 1,30000/- രൂപ, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപറേഷൻ മഞ്ചേരിയിൽ നിന്ന് ഭക്ഷ്യ ധാന്യങ്ങൾ വാങ്ങുന്നതിനാണ് ചെലവഴിച്ചത് .സർക്കുലർ നം. 71413/ഡിബി2/08/എൽ.എസ്.ജി.ഡി തീയതി 10.11.08 പ്രകാരം , ശിശു വികസന പരിപാടിയുടെ ഭാഗമായുള്ള പോഷകാഹാര പ്രോജക്ടുകൾ, ആശ്രയ/അഗതി പുനരധിവാസ പദ്ധതി പ്രകാരമുള്ള ഭക്ഷ്യധാന്യ പ്രൊജക്ടുകൾ എന്നിവ അല്ലാതെ വികസന /തനതു ഫണ്ട് ഉപയോഗിച്ച് ഭക്ഷ്യധാന്യ വിതരണം ചെയ്യാനുള്ള പ്രൊജക്ടുകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കാൻ പാടില്ല എന്ന് ചൂണ്ടിക്കാട്ടിയാണ് 1,30,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തിയത്. ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പട്ടിക വർഗ കോളനികളിൽ ആരോഗ്യ വകുപ്പും പഞ്ചായത്തും ചേർന്ന് മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും പട്ടികവർഗ്ഗ കുടുംബങ്ങളിലെ ആളുകൾക്ക് പോഷകാഹാരക്കുറവും വിളർച്ചയും മൂലമുണ്ടാകുന്ന രോഗങ്ങൾ ഒഴിവാക്കാൻ മരുന്നുകൾ മാത്രം

പോരാ, ഭക്ഷ്യ ധാന്യങ്ങൾ കൂടെ നൽകേണ്ടതുണ്ടെന്നു ബോധ്യപ്പെട്ടതിനാൽ ആണ് ഗ്രാമസഭയിലും വർക്കിംഗ് ഗ്രൂപ്പിലും ഭരണ സമിതി യോഗങ്ങളിലും ചർച്ച ചെയ്താണ് മെഡിക്കൽ ഓഫീസറോട് ഈ പദ്ധതി നടപ്പിലാക്കാൻ ആവശ്യപ്പെട്ടതെന്നു സെക്രട്ടറി വിശദീകരണം നൽകിയിട്ടുണ്ട് .ആശ്രയ വഴിയോ ഗവൺമെന്റിന്റെ മുൻകൂർ അനുമതിയോടെയോ ആണ് ഇത്തരം പദ്ധതികൾ നടപ്പിലാക്കേണ്ടത് എന്ന കാര്യം അറിയില്ലായിരുന്നു എന്ന് മെഡിക്കൽ ഓഫീസർ സെക്രട്ടറിയ്ക്കു വിശദീകരണം സമർപ്പിച്ചിട്ടുണ്ട്. മേൽ പറഞ്ഞിട്ടുള്ള വസ്തുതകൾ പരിഗണിച്ചും, മേൽപരാമർശിച്ച സർക്കുലറിന്റെയും, പഞ്ചായത്ത് ഭരണ സമിതി തീരുമാനം, മലപ്പുറം ജില്ലാതല ഓഡിറ്റ് മോണിറ്ററിങ് കമ്മിറ്റി തീരുമാനം എന്നിവയുടെയും അടിസ്ഥാനത്തിൽ 1,30,000 ചെലവിന് സാധൂകരണം നൽകുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനമെടുക്കാമെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം(2) പ്രകാരം സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടിക വർഗക്കാരുടെ ഉന്നമനം ഉദ്ദേശിച്ചു നടപ്പിലാക്കിയ പ്രവർത്തി ആയതിനാലും പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശുപാർശ, ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട്, ജില്ലാതല ഓഡിറ്റ് മോണിറ്ററിങ് കമ്മിറ്റി തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിലും മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2011-12, 2012-13 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3 പ്രകാരം തടസ്സപ്പെടുത്തിയ 1,30,000 (ഒരു ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**വി.എസ്.സന്തോഷ്**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

സെക്രട്ടറി, ഊർങ്ങാട്ടിരി പഞ്ചായത്ത്, മലപ്പുറം

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻപ്രകാരം**

**സെക്ഷൻ ഓഫീസർ**